(8) ശ്രീ. ആർ. രാമചന്ദ്രൻ, എം.എൽ.എ.-യുടെ സബ്മിഷന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) നൽകിയ മറുപടി

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ അഴീക്കൽ ബീച്ച് വികസനത്തിനായി 2012-ൽ ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയത് ഉപയോഗിച്ച് ഇറിഗേഷൻ വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പാത, മണ്ഡപം, ഗ്യാലറി, ഇരിപ്പിടങ്ങൾ എന്നിവ പൂർത്തീകരിക്കുകയുണ്ടായി. മേൽപദ്ധതിക്കായി ഇതുവരെ 60,16,931 രൂപ ചെലവായിട്ടുണ്ട്. സ്ഥല ലഭ്യതയുടെ അഭാവംമൂലം ടി പദ്ധതിയിലുൾപ്പെട്ട ടൂറിസം ഫെസിലിറ്റേഷൻ സെന്റർ, ടോയ്ലെറ്റ് ബ്ലോക്ക് എന്നീ ഘടകങ്ങൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. അഴീക്കൽ ബീച്ചിലെത്തുന്ന വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്കായി വിനോദസഞ്ചാര വകുപ്പും, ഡി.ടി.പി.സി.യും ലൈഫ് ഗാർഡുകളെ നിയോഗിച്ചിട്ടുണ്ട്.

ശ്രീനാരായണ ട്രോഫി ജലോത്സവം നടക്കുന്ന കന്നേറ്റികായൽ കേന്ദ്രീകരിച്ച് ടൂറിസം സാധ്യതകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീനാരായണ ട്രോഫി ജലോത്സവം നടത്തുന്നതിന് സ്ഥിരം പവലിയൻ നിർമ്മിക്കുന്നതിന് ഒരു കോടി രൂപ അനുവദിക്കുകയും ടി തുക ചെലവഴിച്ച് സ്ഥിരം പവലിയൻ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കന്നേറ്റി കായൽ കേന്ദ്രീകരിച്ച് നിലവിൽ ഡി.റ്റി.പി.സി.യുടെ നേതൃത്വത്തിൽ ടൂറിസ്റ്റുകൾക്കായി ബോട്ടിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇവിടെ എത്തിച്ചേരുന്ന വിനോദസഞ്ചാരികൾക്ക് കന്നേറ്റി ബോട്ട് ടെർമിനലിൽ നിന്നും അമൃതപുരി, ആല്ലുംകടവ്, കാട്ടിൽ മേക്കതിൽ തുടങ്ങി വിവിധ കേന്ദ്രങ്ങളെ ഉൾപ്പെടുത്തി ബോട്ടിംഗ് സംവിധാനം വിപുലപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ആല്ലുംകടവിലുള്ള ഗ്രീൻ ചാനൽ എന്ന "റെസ്റ്റോറന്റ് കം വിശ്രമ കേന്ദ്രം" വിപുലീകരിച്ച് സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടത്തിവരുന്നു.

(9) ശ്രീ. കെ. എൻ. എ. ഖാദർ, എം.എൽ.എ.-യുടെ സബ്മിഷന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) നൽകിയ മറുപടി

സാമൂഹ്യ പങ്കാളിത്തം പ്രോത്സാഹിപ്പിച്ചുകൊണ്ടും ആശയവിനിമയം വർദ്ധിപ്പിച്ചുകൊണ്ടും പെരുമാറ്റ വൈകല്യങ്ങൾ കുറച്ചുകൊണ്ടുവന്ന് ഓട്ടിസം ബാധിച്ച കുട്ടികളെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുകയാണ് ഓട്ടിസം സെന്ററുകളിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്. സ്പെഷ്യൽ വിദ്യാഭ്യാസം, സ്പീച്ച് ആന്റ് ലാംഗ്വേജ് തെറാപ്പി, ഭിന്നശേഷി പരിശീലനം, ഫിസിയോതെറാപ്പി, കോഗ്നേറ്റീവ് ബിഹേവിയറൽ മാനേജ്മെന്റ്, കുട്ടികൾക്കും മാതാപിതാക്കൾക്കുമുള്ള കൗൺസിലിംഗ് മുതലായവയാണ് ഓട്ടിസം സെന്ററിനുകീഴിലുള്ള പ്രധാന പ്രവർത്തനങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത പദ്ധതിയുടെ ഭാഗമായി മലപ്പുറം ജില്ലയിലെ വേങ്ങര വലിയോറ സർക്കാർ യു.പി. സ്കൂളിൽ നബാർഡ് ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന ഓട്ടിസം സെന്ററിന്റെ 90% നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിഫിക്കേഷൻ ജോലികൾ ബാക്കിയുണ്ട്. പ്രസ്തുത ഓട്ടിസം സെന്റർ പൂർണ്ണമായി പ്രവർത്തനസജ്ജമായിക്കഴിഞ്ഞാൽ സമഗ്ര ശിക്ഷയുടെ കീഴിലുള്ള ബ്ലോക്ക് റിസോഴ്സ് സെന്ററിലെ ജീവനക്കാരുടെ സേവനം വിനിയോഗിക്കാൻ കഴിയുന്നതാണ്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഒരു നിയമസഭാ മണ്ഡലത്തിൽ ഒരു ഓട്ടിസം പാർക്ക് എന്ന പദ്ധതി അംഗീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly